"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ശ്രീ.കെ.ഐ.വർഗ്ഗീസ്, കിഴക്കേതലയ്ക്കൽ. കുമിളി.പി.ഒ, ഇടുക്കി സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

G.O.(Rt) No.1089/2024/ID തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:- 1. 10.10.2024 തീയതിയിലെ സ.ഉ(സാധാ) നം.995/2024/വ്യവ ഉത്തരവ്

2. ശ്രീ.കെ.ഐ.വർഗ്ഗീസ്, കിഴക്കേതലയ്ക്കൽ. കുമിളി.പി.ഒ, ഇടുക്കി 11.11.2024 ൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

ശ്രീ.കെ.ഐ.വർഗ്ഗീസ്, കിഴക്കേതലയ്ക്കൽ. കുമിളി.പി.ഒ, ഇടുക്കി സമർപ്പിച്ച കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം 17.07.2024 ൽ സമർപ്പിച്ച അപ്പീൽ ഹർജി പരാമർശം (1) ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നു. പ്രസ്തുത ഉത്തരവിൽ അധിക ഖനനത്തിന് അദാലത്ത് പ്രകാരം കണക്കാക്കിയ കുടിശ്ശിക ഒടുക്കണമെന്ന് പറയുന്നതിനൊപ്പം അതിനു ശേഷം 44500 മെ.ടൺ ന് റോയൽറ്റി ഈടാക്കി കോംപസിൽ ചേർത്ത് നൽകണമെന്ന് പറയുന്നുണ്ടെന്നും, എന്നാൽ ടി 44500 മെ.ടൺ ധാതു താൻ ആകെ ഖനനം ചെയ്ത 130447 മെ.ടണ്ണിന്റെ ഭാഗമായതും, ആയതിന്റെ റോയൽറ്റിയും മറ്റ് തുകകളും താൻ ഒടുക്കി തീർത്തിട്ടുള്ളതാണെന്നും, ആയതിനാൽ ഇതിൽ വ്യക്തത വരുത്തണമെന്നും ആവശ്യപ്പെട്ട് ശ്രീ.വർഗ്ഗീസ്.കെ.ഐ പരാമർശം (2) പ്രകാരം ഒരു അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ അധികാരി ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് ഇടുക്കി ജിയോളജിസ്റ്റ് ലഭ്യമാക്കിയ റിപ്പോർട്ടിൽ അളവിനേക്കാൾ അധികമായി ഖനനം നടത്തിയിട്ടുള്ളതായി കണ്ടെത്തിയ 130447 മെ.ടൺ കരിങ്കല്ലിൽ നിലവിൽ ശേഖരിച്ചിട്ടുള്ള 44500 മെ.ടൺ കരിങ്കല്ലും ഉൾപ്പെടുമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുന്നത് ശേഖരിച്ചിരിക്കുന്ന ധാതുവിന് ഉൾപ്പെടെയാണ്.

3. ഈ സാഹചര്യത്തിൽ കുടിശ്ശിക നിവാരണ അദാലത്ത് പ്രകാരം കണക്കാക്കിയ തുകയിൽ നിലവിൽ എത്ര തവണയാണോ കുടിശ്ശിക ആക്കിയത് പ്രസ്തുത തുക ഒടുക്കുന്ന മുറയ്ക്ക് ബാക്കി തവണ സമയബന്ധിതമായി അടയ്ക്കും എന്ന ഉറപ്പുവരുത്തി നിലവിൽ ഖനനം ചെയ്ത് കൂട്ടിയിട്ടിരിക്കുന്ന 44500 മെ.ടൺ കരിങ്കല്ല് നിബന്ധനകൾക്ക് വിധേയമായി കൊണ്ടുപോകുന്നതിന് അനുമതി നൽകുന്നതിന് ഇടുക്കി ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിലെ 5-ാം ഖണ്ഡികയിലെ

നിബന്ധന നം. 3 ൽ റോയൽറ്റി ഈടാക്കുന്നതിനുള്ള നിർദ്ദേശം മാറ്റി "44500 മെ.ടൺ കരിങ്കല്ലിന് മൂവ്മെന്റ് പെർമിറ്റ്, പാസ് മുതലായവ കോമ്പസ് പോർട്ടലിൽ ചേർത്ത് നൽകേണ്ടതാണ്" എന്ന് തിരുത്തി ഉത്തരവാകുന്നു.

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
B AJITHA
ADDITIONAL SECRETARY
& അപ്പീൽ അധികാരി

ശ്രീ.കെ.ഐ.വർഗ്ഗീസ്, കിഴക്കേതലയ്ക്കൽ റോക്സ്, അട്ടപ്പള്ളം, കുമിളി.പി.ഒ, ഇടുക്കി
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജിയോളജിസ്റ്റ്, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) വകുപ്പ്,
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 16-11-2024 17:00:41
സെക്ഷൻ ഓഫീസർ